LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം മിനി ഹാർബർ നിർമ്മാണം

96 [560] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മിനി ഹാർബർ നിർമ്മാണം സംബന്ധിച്ച് എന്തൊക്കെ നടപടികൾ ഇതുവരെ നടത്തിയെന്നറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച പഠനം പൂർത്തിയായോ; ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് പറയാമോ;

(സി) എത്ര കോടി രൂപയുടെ പദ്ധതിയാണിതെന്ന് വ്യക്തമാക്കുമോ; ഇതിനെ പത്താം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മഞ്ചേശ്വരത്ത് മിനി ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവൃത്തികളും മാതൃകാപഠനവും ആരംഭിച്ചിട്ടുണ്ട്. ഇതിനായി 13 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല. ഈ പഠനം പൂർത്തിയാക്കുന്നതിന് ഏകദേശം ഒരു വർഷം വേണ്ടിവരും.

(സി) അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കും പഠനങ്ങൾക്കുംശേഷം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ പദ്ധതിയുടെ അടങ്കൽ തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ഈ പദ്ധതി 10-ാം പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ഡി) പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണാനുമതി ലഭ്യമായാൽ 4 വർഷത്തിനകം പദ്ധതി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

സഹകരണ മെഡിക്കൽ കോളേജുകളെക്കുറിച്ച് പഠനം

97 [561] *ശ്രീ. കെ. എ. ചന്ദ്രൻ:*

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മെഡിക്കൽ കോളേജുകളെപ്പറ്റി പഠിക്കുന്നതിന് ഏതെല്ലാം സംസ്ഥാനങ്ങളിൽനിന്നും പഠനസംഘങ്ങൾ സംസ്ഥാനത്തെത്തിയിരുന്നു;

GPM. 2/573/2012—19